


നെഹ്റു, ഘാനയിൽ നിന്നുള്ള എൻ ക്രൂമ, ഈജിപ്തിൽ നിന്നുള്ള നാസർ, ഇന്തോനേഷ്യയിൽ നിന്നുള്ള സുകാർണോ, യൂഗോസ്ലാവിയയിൽ നിന്നുള്ള ടിറ്റോ എന്നിവർക്കൊപ്പം 1960 ഒക്ടോബറിൽ ന്യൂയോർക്കിൽ ചേരിചേരാ രാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ. ഈ അഞ്ചുപേരാണ് ചേരിചേരാപ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കൾ

**ഈ അധ്യായത്തിൽ...**

ഈ പുസ്തകത്തിൽ ഇതുവരെ നമ്മൾ ശ്രദ്ധയൂന്നിയത് രാജ്യത്തിനകത്തുണ്ടായ സംഭവവികാസങ്ങളിലും ആഭ്യന്തരമായ വെല്ലുവിളികളിലുമായിരുന്നു. ഇപ്പോൾ നമ്മൾ ബാഹ്യമായ വെല്ലുവിളികളിലേക്ക് തിരിയുന്നു. ചേരിചേരായ്മ എന്ന നൂതനവും ക്രിയാത്മകവുമായ പ്രതികരണത്തോടെയാണ് നമ്മുടെ നേതാക്കൾ ഇവിടെയും ഈ വെല്ലുവിളികളെ നേരിട്ടത്. പക്ഷെ അവർ അയൽരാജ്യങ്ങളുമായി സംഘർഷങ്ങളിലായിരുന്നു. 1962-ലും, 1965-ലും തുടർന്ന് 1971-ലുമുണ്ടായ മൂന്ന് യുദ്ധങ്ങളിലേക്ക് ഇന്ത്യയെ ഇത് നയിച്ചു. ഈ യുദ്ധങ്ങളും വിദേശബന്ധങ്ങൾ പൊതുവായും രാജ്യത്തെ രാഷ്ട്രീയം രൂപപ്പെടുത്തുകയും ഒപ്പം നിർണായകമായ സ്വാധീനം ചെലുത്തുകയും ചെയ്തു. താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ആഭ്യന്തരവും ബാഹ്യവുമായ രാഷ്ട്രീയത്തിന്റെ പരസ്പരബന്ധത്തിന്റെ ഈ കഥ നമ്മൾ ഈ അധ്യായത്തിൽ പഠിക്കുന്നു.

- ഇന്ത്യയുടെ വിദേശബന്ധങ്ങളെ രൂപപ്പെടുത്തിയ അന്താരാഷ്ട്ര സാഹചര്യം.
- ഇന്ത്യൻ വിദേശനയം നടത്തിക്കൊണ്ടുപോകുന്നതിന് രൂപംകൊടുത്ത പ്രവർത്തന തത്ത്വങ്ങൾ.
- ചൈനയും പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിന്റെ ചരിത്രം.
- ഇന്ത്യയുടെ ആണവനയത്തിന്റെ വികാസം.

അദ്ധ്യായം 4

# ഇന്ത്യയുടെ വിദേശബന്ധങ്ങൾ (INDIA'S EXTERNAL RELATIONS)

K8F4A4

## അന്തർദേശീയ പശ്ചാത്തലം (International Context)

വളരെ ശ്രമകരവും വെല്ലുവിളി നിറഞ്ഞതുമായ ഒരു അന്തർദേശീയ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ ജനനം. ലോകം വിനാശകരമായ ഒരു യുദ്ധത്തിന് സാക്ഷ്യം വഹിക്കുകയും പുനർനിർമാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമായി മല്ലിടുകയും ചെയ്യുന്ന വേളയിൽത്തന്നെ ഒരു അന്താരാഷ്ട്ര സമിതി സ്ഥാപിക്കുന്നതിനുള്ള മറ്റൊരു ശ്രമവും നടന്നുകൊണ്ടിരുന്നു. കോളനിവാഴ്ചയുടെ തകർച്ചയുടെ ഫലമായി നിരവധി പുതിയ രാജ്യങ്ങൾ ഉയർന്നുവന്നു. പുതിയ രാഷ്ട്രങ്ങൾ മിക്കവയും ക്ഷേമം, ജനാധിപത്യം എന്നീ രണ്ടു വെല്ലുവിളികളെ നേരിടുന്നതിനുള്ള ശ്രമങ്ങളിലായിരുന്നു. സ്വാതന്ത്ര്യം ലഭിച്ച ഉടൻതന്നെ സ്വതന്ത്ര ഇന്ത്യ രൂപംനൽകിയ വിദേശനയത്തിൽ അക്കാലത്തെ എല്ലാ ആശങ്കകളും പ്രതിഫലിച്ചു. ആഗോളതലത്തിലുള്ള ഇത്തരം ഘടകങ്ങൾക്ക് പുറമെ ഇന്ത്യക്ക് അതിന്റേതായ ആശങ്കകളുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് പരിഹരിക്കാതെ ഉപേക്ഷിക്കുകയും അങ്ങനെ ഇന്ത്യക്ക് പൈതൃകമായി ലഭിക്കുകയും ചെയ്ത അനേകം അന്തർദേശീയ തർക്കങ്ങൾ; വിഭജനം സൃഷ്ടിച്ച സമ്മർദങ്ങൾ, ദാരിദ്ര്യനിർമാർജനം മുതലായവ പരിഹാരത്തിനായി ഇന്ത്യയെ കാത്തുനിന്നിരുന്നു. പൊതുവായ ഈ പശ്ചാലത്തിലാണ് ഒരു സ്വതന്ത്രദേശരാഷ്ട്രം എന്ന നിലക്ക് ഇന്ത്യ ലോകകാര്യങ്ങളിൽ ഇടപെടാനാരംഭിക്കുന്നത്.

ലോകയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ജന്മംകൊണ്ട ഒരു രാജ്യം എന്ന നിലയിൽ, മറ്റെല്ലാ രാജ്യങ്ങളുടെയും പരമാധികാരത്തെ ബഹുമാനിക്കുന്നതായിരുന്നു ഇന്ത്യയുടെ നിലപാട്. സമാധാനം നിലനിർത്തുന്നതിലൂടെ സുരക്ഷിതത്വം നേടുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഇന്ത്യ അതിന്റെ വിദേശബന്ധങ്ങൾ രൂപീകരിച്ചത്. രാഷ്ട്രനയത്തെ സംബന്ധിച്ചുള്ള നിർദേശകതത്ത്വങ്ങളിൽ ഈ ലക്ഷ്യം പ്രതിഫലിച്ചു കാണാം.

ഒരു വ്യക്തിയുടെയോ കുടുംബത്തിന്റെയോ പെരുമാറ്റരീതികളെ ആന്തരികവും ബാഹ്യവുമായ ഘടകങ്ങൾ സ്വാധീനിക്കുന്നതുപോലെ ആഭ്യന്തരവും അന്തർദേശീയവുമായ സാഹചര്യങ്ങൾ ഒരു രാഷ്ട്രത്തിന്റെ വിദേശനയത്തെയും സ്വാധീനിക്കുന്നു. വികസ്വരരാജ്യങ്ങൾക്ക്, അന്തർദേശീയ വ്യവസ്ഥയിൽ തങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കുന്നതിന് മതിയായ വിഭവങ്ങളില്ല. ആയതിനാൽ അവർ വികസിത രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ എളിയ ലക്ഷ്യങ്ങൾ പിന്തുടരുന്നു. രാജ്യത്തിന്റെ സമീപപ്രദേശങ്ങളിൽ സമാധാനത്തിലും വികസനത്തിലും അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതിലുപരിയായി സാമ്പത്തികവും സുരക്ഷാപരവുമായ കാര്യങ്ങളിൽ ശക്തരായ രാജ്യങ്ങളെ ആശ്രയിക്കുന്നത്, ചിലപ്പോഴൊക്കെ അവരുടെ വിദേശനയത്തെ സ്വാധീനിച്ചിട്ടുണ്ട്. രണ്ടാം ലോകയുദ്ധത്തിനു തൊട്ടുശേഷമുള്ള കാലഘട്ടത്തിൽ പല വികസ്വരരാഷ്ട്രങ്ങളും തങ്ങൾക്ക് വായ്പയും സഹായവും നൽകുന്ന ശക്തരായ രാജ്യങ്ങളുടെ വിദേശനയ മുൻഗണനകളെ പിന്തുണയ്ക്കാൻ തയാറായി. രണ്ടു വ്യക്തമായ ചേരികളായുള്ള ലോകരാജ്യങ്ങളുടെ വിഭജനത്തിലേക്ക് അത് നയിച്ചു, യു.എസിനും അതിന്റെ പാശ്ചാത്യ സഖ്യരാഷ്ട്രങ്ങൾക്കും സ്വാധീനമുള്ള ഒരു ചേരിയും അന്നത്തെ സോവിയറ്റ് യൂണിയന് സ്വാധീനമുള്ള മറ്റൊന്നും. സമകാലികലോകരാഷ്ട്രം എന്ന പാഠപുസ്തകത്തിൽ നിങ്ങൾ ഇതിനെക്കുറിച്ച് വായിച്ചിട്ടുണ്ട്. ചേരിചേരാപ്രസ്ഥാനം എന്നു വിളിക്കപ്പെടുന്ന പരീക്ഷണത്തെക്കുറിച്ചും അതിൽ കാണാം. അവിടെതന്നെ നിങ്ങൾ വായിച്ചതുപോലെ, ശീതയുദ്ധത്തിന്റെ അന്ത്യം, അന്തർദേശീയ ബന്ധങ്ങളുടെ പശ്ചാത്തലത്തെ പൂർണമായി മാറ്റി. ഇന്ത്യ സ്വാതന്ത്ര്യം നേടുകയും അതിന്റെ വിദേശനയം രൂപീകരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത് ശീതയുദ്ധം ആരംഭിക്കുകയും ലോകം രണ്ടു ചേരികളായി വിഭജിക്കപ്പെടുകയുമായിരുന്നു. അമ്പതുകളിലെയും അറുപതുകളിലെയും ആഗോളരാഷ്ട്രീയത്തിൽ, ഇന്ത്യ ഇതിലേതെങ്കിലും ശാക്തികചേരികളിൽ ഉൾപ്പെട്ടിരു

> "സ്വാതന്ത്ര്യം എന്താണ് ഉൾക്കൊള്ളുന്നത്? അടിസ്ഥാനപരമായും മൗലികമായും വിദേശബന്ധങ്ങളാണ് അതുൾക്കൊള്ളുന്നത്. അതാണ് സ്വാതന്ത്ര്യത്തിന്റെ പരിശോധന. മറ്റുള്ളവയെല്ലാം പ്രാദേശിക സ്വയംഭരണമാണ്. ഒരിക്കൽ വിദേശബന്ധങ്ങൾ നിങ്ങളുടെ കൈകളിൽ നിന്ന് വിട്ട് മറ്റാരുടെയെങ്കിലും നിയന്ത്രണത്തിലേക്കു പോയാൽ, അത്രമാത്രം അളവിലും വ്യാപ്തിയിലും നിങ്ങൾ സ്വതന്ത്രരല്ല."
>
> **ജവഹർലാൽ നെഹ്റു**
>
> **1949 മാർച്ചിൽ ഭരണഘടനാനിർമാണ സമിതിയിലെ ഒരു ചർച്ചക്കിടയിൽ.**

**ഭരണഘടനാതത്ത്വങ്ങൾ (The Constitutional Principles)**

അന്തർദേശീയ സമാധാനവും സുരക്ഷിതത്ത്വവും പരിപോഷിപ്പിക്കുന്നതിനായി ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 51-ൽ ചില നിർദേശകതത്ത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രം പ്രയത്നിക്കേണ്ടതുണ്ട്:

(a) അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും പരിപോഷിപ്പിക്കാൻ

(b) രാഷ്ട്രങ്ങൾക്കിടയിൽ നീതിയുക്തവും അന്തസുറ്റതുമായ ബന്ധങ്ങൾ നിലനിർത്താൻ

(c) അന്തർദേശീയ നിയമങ്ങളെയും കരാർവ്യവസ്ഥകളെയും ബഹുമാനിച്ചുകൊണ്ടുള്ള സംഘടിത സമൂഹങ്ങളുടെ പരസ്പരമുള്ള ഇടപെടലുകളെ ബഹുമാനിക്കുക

(d) അന്തർദേശീയ തർക്കങ്ങൾ മധ്യസ്ഥ തീരുമാനത്തിലൂടെ പരിഹരിക്കുന്നതിന് പ്രേരിപ്പിക്കൽ

സ്വാതന്ത്ര്യത്തിനുശേഷമുള്ള രണ്ട് ദശാബ്ദക്കാലം ഇന്ത്യ എത്രത്തോളം ഫലപ്രദമായി ഈ തത്ത്വങ്ങളനുസരിച്ച് പ്രവർത്തിച്ചു? ഈ അധ്യായം വായിച്ചശേഷം നിങ്ങൾ ഈ ചോദ്യത്തിലേക്കു തിരിച്ചെത്തുക.

ന്നുവോ? സമാധാനപരമായും അന്തർദേശീയ സംഘർഷങ്ങൾ ഒഴിവാക്കികൊണ്ടും വിദേശനയം നടത്തിക്കൊണ്ടുപോകുന്നതിൽ ഇന്ത്യ വിജയിച്ചിരുന്നുവോ?

## ചേരിചേരാനയം (The Policy of non-alignment)

ഇന്ത്യൻ ദേശീയപ്രസ്ഥാനം ഒരു ഒറ്റപ്പെട്ട പ്രക്രിയയായിരുന്നില്ല. സാമ്രാജ്യത്വത്തിനും കോളനിവാഴ്ചക്കുമെതിരായ ലോകവ്യാപകമായ പോരാട്ടത്തിന്റെ ഭാഗമായിരുന്നു അത്. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലെ നിരവധി വിമോചന പ്രസ്ഥാനങ്ങളെ ഇത് സ്വാധീനിച്ചു. സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യൻ ദേശീയ നേതാക്കൾക്കും മറ്റ് കോളനികളിലെ ദേശീയ നേതാക്കൾക്കുമിടയിൽ ബന്ധങ്ങളുണ്ടായിരുന്നു. സാമ്രാജ്യത്വത്തിനും കോളനിവാഴ്ചക്കുമെതിരായ പൊതുവായ പോരാട്ടം എന്ന സമാനതയാണ് ഇവരെ യോജിപ്പിച്ചിരുന്നത്. രണ്ടാം ലോകമഹായുദ്ധക്കാലത്ത് നേതാജി സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമി (INA) രൂപീകരിച്ചത് ഇന്ത്യക്കും വിദേശ ഇന്ത്യക്കാർക്കുമിടയിൽ സ്വാതന്ത്ര്യസമരകാലത്തുണ്ടായിരുന്ന ബന്ധത്തിന്റെ തെളിച്ചമുള്ള സാക്ഷാത്കാരമാണ്.

ആഭ്യന്തരവും വൈദേശികവുമായ ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ് ഒരു രാജ്യത്തിന്റെ വിദേശനയം. അതുകൊണ്ടുതന്നെ ഇന്ത്യയുടെ സ്വാതന്ത്ര്യ പോരാട്ടത്തിന് പ്രചോദനമായ ആശയങ്ങൾ, ഇന്ത്യൻ വിദേശനയത്തിന്റെ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയും ശീതയുദ്ധകാലഘട്ടത്തിന്റെ ആരംഭവും ഒരേ സമയത്തായത് യാദൃശ്ചികതയാണ്. സമകാലിക ലോകരാഷ്ട്രം എന്ന പാഠപുസ്തകത്തിലെ ഒന്നാം അധ്യായത്തിൽ നിങ്ങൾ വായിച്ചതുപോലെ, ആഗോളതലത്തിൽ യു.എസിന്റെയും യു.എസ്.എസ്.ആറിന്റെയും നേതൃത്വത്തിലുള്ള രണ്ട് ശാക്തികചേരികൾ തമ്മിലുള്ള രാഷ്ട്രീയവും സാമ്പത്തികവും സൈനികവുമായ ഏറ്റുമുട്ടലുകൾകൊണ്ട് രേഖപ്പെടുത്തപ്പെട്ടതാണ് ഈ കാലഘട്ടം. ഐക്യരാഷ്ട്രസഭയുടെ സ്ഥാപനം, ആണവായുധങ്ങളുടെ നിർമാണം, കമ്മ്യൂണിസ്റ്റ് ചൈനയുടെ ആവിർഭാവം അപകോളനീകരണത്തിന്റെ ആരംഭം തുടങ്ങിയ സംഭവവികാസങ്ങൾക്കും ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ആയതിനാൽ, നിലനിന്നിരുന്ന അന്തർദേശീയ പാശ്ചാത്തലത്തിൽ ഇന്ത്യയുടെ നേതൃത്വത്തിന്, ദേശീയതാൽപര്യങ്ങൾ പിന്തുടരേണ്ടതുണ്ടായിരുന്നു.




### നെഹ്റുവിന്റെ പങ്ക് (Nehru's role)

ഇന്ത്യയുടെ ദേശീയ അജണ്ട രൂപപ്പെടുത്തുന്നതിൽ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു വളരെ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹം തന്നെയായിരുന്നു, വിദേശവകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അങ്ങനെ, പ്രധാനമന്ത്രി എന്ന നിലയിലും വിദേശകാര്യ മന്ത്രി എന്ന നിലയിലും 1946

മുതൽ 1964 വരെ, ഇന്ത്യയുടെ വിദേശനയം രൂപപ്പെടുത്തുന്നതിലും നടപ്പാക്കുന്നതിലും അദ്ദേഹം ആഴത്തിലുള്ള സ്വാധീനം ചെലുത്തുകയുണ്ടായി. കഷ്ടപ്പെട്ടുനേടിയ പരമാധികാരം നിലനിർത്തുക, ഭൂമിശാസ്ത്രപരമായ അഖണ്ഡത സംരക്ഷിക്കുക, ദ്രുതഗതിയിലുള്ള സാമ്പത്തികവികസനത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയായിരുന്നു നെഹ്റുവിന്റെ വിദേശനയത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ലക്ഷ്യങ്ങൾ. ചേരിചേരായ്മ എന്ന തന്ത്രത്തിലൂടെയാണ് നെഹ്റു ഈ ലക്ഷ്യങ്ങൾ നേടുവാനാഗ്രഹിച്ചത്. ജനാധിപത്യത്തിനനുകൂലം എന്നവകാശപ്പെട്ടിരുന്ന അമേരിക്കൻ ചേരിയോട്, ഇന്ത്യ കൂടുതൽ സൗഹൃദം പുലർത്തുമെന്ന് വിശ്വസിച്ചിരുന്ന വിഭാഗങ്ങളും രാഷ്ട്രീയകക്ഷികളും തീർച്ചയായും അന്നും ഇന്ത്യയിലുണ്ടായിരുന്നു. ഈ രീതിയിൽ ചിന്തിച്ചിരുന്ന നേതാക്കളിൽ ഡോ. അംബേദ്കറിനെപ്പോലെയുള്ള നേതാക്കളുമുണ്ടായിരുന്നു. കമ്മ്യൂണിസത്തെ എതിർത്തിരുന്ന ചില രാഷ്ട്രീകക്ഷികളും ഇന്ത്യ ഒരു അമേരിക്കൻ അനുകൂല വിദേശനയം സ്വീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഭാരതീയ ജനസംഘവും പിൽക്കാലത്ത് സ്വതന്ത്രപാർട്ടിയും ഇതിലുൾപ്പെട്ടിരുന്നു. പക്ഷെ വിദേശനയം രൂപീകരിക്കുന്നതിൽ നെഹ്റുവിന് നിർണായകമായ മേൽക്കൈ ഉണ്ടായിരുന്നു.

### രണ്ടു ചേരികളിൽ നിന്നുമുള്ള അകലം (Distance from two camps)

ചേരിചേരായ്മ എന്ന നയം ഉയർത്തിപ്പിടിച്ചും ഐക്യരാഷ്ട്രസഭയുടെ സമാധാനം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മനുഷ്യവിഭവശേഷി സംഭാവന ചെയ്തും, ശീതയുദ്ധസംഘർഷങ്ങൾ ലഘൂകരിച്ചും, സമാധാനവും ശാന്തിയും പുലരുന്ന ഒരു ലോകം എന്ന സ്വപ്നത്തെ സ്വതന്ത്ര ഇന്ത്യയുടെ വിദേശനയം തീവ്രമായി പിന്തുടരുന്നു. ശീതയുദ്ധകാലത്ത് രണ്ടിൽ ഒരു ചേരിയിലും എന്തുകൊണ്ട് ഇന്ത്യ ചേർന്നില്ലെന്ന് നിങ്ങൾ ചോദിച്ചേക്കാം. അമേരിക്കയും സോവിയറ്റ് യൂണിയനും പരസ്പരം എതിരായി രൂപീകരിച്ച സൈനിക സഖ്യങ്ങളിൽനിന്നും അകന്നുനിൽക്കാൻ ഇന്ത്യ ആഗ്രഹിച്ചു. 'സമകാലിക ലോക രാഷ്ട്രീയം' എന്ന പാഠപുസ്തകത്തിൽ നിങ്ങൾ വായിച്ചതുപോലെ, ശീതയുദ്ധ കാലഘട്ടത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയുടെ നേതൃത്വത്തിൽ അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷനും (NATO) സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള വാഴ്സാ ഉടമ്പടിയും (Warsaw Pact) നിലവിൽവന്നു. ചേരിചേരാനയമാണ് മാതൃകാ വിദേശനയസമീപനം എന്ന് ഇന്ത്യ വാദിച്ചു. ഇതൊരു പ്രയാസകരമായ സന്തുലിത പ്രവൃത്തിയായിരുന്നു (Balancing Act). ചിലപ്പോഴൊക്കെ ഈ സന്തുലനം കുറ്റമറ്റതായി കാണപ്പെട്ടില്ല. സൂയസ് കനാൽ വിഷയത്തിൽ, 1956-ൽ ബ്രിട്ടൻ ഈജിപ്തിനെ ആക്രമിച്ചപ്പോൾ, ഈ നവകൊളോണിയൽ അധിനിവേശത്തിനെതിരെയുള്ള ലോകവ്യാപകമായ പ്രതിഷേധത്തെ നയിച്ചത് ഇന്ത്യയാണ്. പക്ഷേ, അതേ വർഷംതന്നെ, യു.എസ്.എസ്.ആർ. ഹംഗറിയിൽ അതിക്രമിച്ചു കയറിയപ്പോൾ അതിനെ അപലപിച്ചവരോടൊപ്പം ഇന്ത്യ ചേർന്നില്ല. അത്തരം സാഹചര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും അന്തർദേശീയ വിഷയങ്ങളിൽ മിക്കപ്പോഴും ഏറ്റക്കുറച്ചിലുകളോടെ ഇന്ത്യ സ്വതന്ത്രമായ നിലപാട് സ്വീകരിക്കുകയും, രണ്ട് ശാക്തികചേരികളിലെയും അംഗങ്ങളിൽനിന്നും സഹായവും പിന്തുണയും നേടുകയും ചെയ്തിരുന്നു.

ചേരിചേരായ്മ എന്ന നയത്തെക്കുറിച്ച് മറ്റ് വികസ്വരരാജ്യങ്ങളെ ബോധ്യപ്പെടുത്തുവാൻ ഇന്ത്യ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, പാകിസ്ഥാൻ അമേരിക്കൻ നേതൃത്വത്തിലുള്ള സൈനികസഖ്യത്തിൽ അംഗമായി ചേർന്നു. ഇന്ത്യയുടെ ചേരിചേരാനയത്തിലും സ്വതന്ത്ര ഉദ്യമങ്ങളിലും യു.എസ്. ഒട്ടുംതന്നെ സന്തുഷ്ടരായിരുന്നില്ല. അതുകൊണ്ടുതന്നെ 1950-കളിലെ ഇന്ത്യ-യു.എസ്. ബന്ധങ്ങളിൽ കാര്യമായ അസ്വസ്ഥത നിലനിന്നിരുന്നു. സോവിയറ്റ് യൂണിയനുമായുള്ള ഇന്ത്യയുടെ വളർന്നുകൊണ്ടിരിക്കുന്ന പങ്കാളിത്തത്തിലും യു.എസ്. അമർഷം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യ സ്വീകരിച്ച ആസൂത്രിത സാമ്പത്തികവികസനം എന്ന തന്ത്രത്തെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇറക്കുമതിക്ക് ബദൽ കണ്ടെത്തുക എന്ന ആശയത്തിന് ഇത് ഊന്നൽ നൽകുന്നു. വിഭവങ്ങളുടെ ഒരു അടിത്തറ വികസിപ്പിക്കുന്നതിന് നൽകുന്ന ഊന്നൽ അർഥമാക്കുന്നത്, കയറ്റുമതി

> "നമ്മുടെ പൊതുനയം, ശാക്തികരാഷ്ട്രീയത്തിൽ കുടുങ്ങികിടക്കുക എന്നതോ, പരസ്പരവിരുദ്ധമായി രൂപീകരിക്കപ്പെട്ട ഏതെങ്കിലും ഒരു ശാക്തിക കൂട്ടായ്മയിൽ ചേരുകയോ എന്നതല്ല. ഇന്നത്തെ ഏറ്റവും പ്രബലമായ രണ്ട് ഗ്രൂപ്പുകൾ, റഷ്യൻ ചേരിയും ആംഗ്ലോ അമേരിക്കൻ ചേരിയുമാണ്. ഒന്നിലും ചേരാതെ നമ്മൾ രണ്ടിനോടും സൗഹൃദം പുലർത്തണം. അമേരിക്കയും റഷ്യയും ഒരേപോലെ അസാധാരണമാംവിധം പരസ്പരം സംശയാലുക്കളാണ്, ഒപ്പം മറ്റ് രാജ്യങ്ങളോടും. എതിരാളിയോട് നമ്മൾ കൂടുതൽ ചായുന്നുവെന്ന്, രണ്ടുപേരും നമ്മളെ സംശയിച്ചേക്കാം എന്നത് നമ്മുടെ പാത ദുഷ്കരമാക്കുന്നു. ഇതിൽ ഒന്നും ചെയ്യാനില്ല."
>
> **ജവഹർലാൽ നെഹ്റു**
>
> **1947-ൽ കെ.പി.എസ്. മേനോനെഴുതിയ കത്ത്**

അടിസ്ഥാനമാക്കിയുള്ള വളർച്ച പരിമിതമായിരുന്നു എന്നാണ് ഈ വികസന തന്ത്രം പുറംലോകവുമായുള്ള ഇന്ത്യയുടെ സാമ്പത്തിക ഇടപാടുകളെ പരിമിതപ്പെടുത്തി.




### ആഫ്രോ–ഏഷ്യൻ ഐക്യം (Afro-Asian unity)

വലിപ്പം, സ്ഥാനം, ശാക്തികശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ, ലോക കാര്യങ്ങളിൽ പ്രത്യേകിച്ച് ഏഷ്യൻ രാജ്യങ്ങളിൽ ഇന്ത്യക്ക് ഒരു സുപ്രധാന പങ്കുണ്ടാവണമെന്ന് നെഹ്റു വിഭാവനം ചെയ്തു. അടുത്തകാലത്തായി സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളുമായി ഇന്ത്യ സ്ഥാപിച്ച ബന്ധങ്ങളാൽ രേഖപ്പെടുത്തപ്പെട്ടതായിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടം. 1940-കളിലും 1950-കളിലും ഉടനീളം ഏഷ്യൻ ഐക്യത്തിനുവേണ്ടി ശക്തമായി വാദിച്ചയാളായിരുന്നു നെഹ്റു. സ്വാതന്ത്ര്യം നേടുന്നതിന് അഞ്ചുമാസങ്ങൾക്കു മുമ്പ് 1947 മാർച്ച് മാസത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യ, ഏഷ്യൻ റിലേഷൻസ് കോൺഫറൻസ് വിളിച്ചുചേർക്കുകയുണ്ടായി. ഡച്ച് കോളനിവാഴ്ചയിൽ നിന്നുള്ള ഇന്തോനേഷ്യയുടെ എത്രയും വേഗത്തിലുള്ള സ്വാതന്ത്ര്യലബ്ധിക്കായി ഇന്ത്യ ആത്മാർഥമായ ശ്രമങ്ങൾ നടത്തുകയും അവരുടെ സ്വാതന്ത്ര്യപോരാട്ടത്തിന് പിന്തുണ നൽകുന്നതിനായി 1949-ൽ ഇന്ത്യ ഒരു അന്തർദേശീയ സമ്മേളനം വിളിച്ചുചേർക്കുകയുമുണ്ടായി. അപകോളനീകരണത്തെ ഇന്ത്യ ശക്തമായി പിന്തുണച്ചതോടൊപ്പം, വംശീയതയെ പ്രത്യേകിച്ചും, ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തെ ശക്തമായി എതിർത്തു. പുതിയതായി സ്വതന്ത്ര്യം പ്രാപിച്ച ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം അതിന്റെ പാരമ്യത്തിലെത്തിയത് ബന്ദുങ് കോൺഫറൻസ് എന്ന് പൊതുവെ അറിയപ്പെടുന്ന, 1955-ൽ ഇന്തോനേഷ്യൻ നഗരമായ ബന്ദുങിൽവച്ച് നടന്ന ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളുടെ സമ്മേളനത്തിലൂടെയായിരുന്നു. ബന്ദുങ് സമ്മേളനം പിന്നീട് ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചു. 1961 സെപ്തംബറിൽ ബൽഗ്രേഡിൽ വച്ച് ചേരിചേരാപ്രസ്ഥാനത്തിന്റെ ആദ്യ ഉച്ചകോടി നടന്നു. ചേരിചേരാപ്രസ്ഥാനത്തിന്റെ സഹസ്ഥാപകനായിരുന്നു നെഹ്റു (സമകാലിക ലോകരാഷ്ട്രീയത്തിലെ അധ്യായം 1 കാണുക).

> "കരുത്തിന്റെ മൂന്ന് ഉപാധികളായ അസംസ്കൃതവസ്തുക്കൾ, മനുഷ്യവിഭവശേഷി, ധനം എന്നിവയില്ലാതെ ഒരു രാജ്യം സംസ്കൃതലോകത്തെ ഏറ്റവും വലിയ ധാർമികശക്തിയായി അതിവേഗം അംഗീകരിക്കപ്പെടുന്നു... മഹത്വ്യക്തികളുടെ സമിതികളിൽ അവളുടെ വാക്കുകൾ ആദരവോടെ സ്വീകരിക്കപ്പെടുന്നു."
>
> **സി. രാജഗോപാലാചാരി**
>
> **1950-ൽ എഡ്വിന മൗണ്ട്ബാറ്റന് എഴുതിയ കത്ത്**

### ചൈനയുമായുള്ള സമാധാനവും സംഘർഷവും

### (Peace and conflict with China)

പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിൽനിന്ന് വ്യത്യസ്തമായി, ചൈനയുമായുള്ള സ്വതന്ത്ര ഇന്ത്യയുടെ ബന്ധത്തിന്റെ തുടക്കം സൗഹാർദപരമായിരുന്നു. 1949-ലെ ചൈനീസ് വിപ്ളവത്തിനുശേഷം, ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ ആദ്യം അംഗീകരിച്ച രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. പാശ്ചാത്യ മേധാവിത്വത്തിന്റെ നിഴലിൽനിന്നും പുറത്തേക്കുവരുന്ന ഈ അയൽരാജ്യത്തെ നെഹ്റു ശക്തമായി പിന്തുണയ്ക്കുകയും അന്താരാഷ്ട്ര വേദികളിൽ ഈ പുതിയ ഗവൺമെന്റിനെ സഹായിക്കുകയും ചെയ്തു. ഭാവിയിലുണ്ടായേക്കാവുന്ന ഒരു ചൈനീസ് ആക്രമണത്തിന്റെ സാധ്യതയെക്കുറിച്ച് വല്ലഭ്ഭായി പട്ടേലിനെപ്പോലെയുള്ള നെഹ്റുവിന്റെ ചില സഹപ്രവർത്തകർ ആശങ്കപ്പെട്ടിരുന്നു. ചൈനയിൽനിന്നും ഇന്ത്യക്ക് ഒരാക്രമണം നേരിടേണ്ടിവരുന്ന സാഹചര്യം തീരെയുണ്ടാകില്ലെന്നാണ് നെഹ്റു ചിന്തിച്ചിരുന്നത്. ഏറെക്കാലം ചൈനീസ് അതിർത്തി സംരക്ഷിച്ചിരുന്നത് സൈന്യത്തിനുപകരം അർദ്ധസൈനികവിഭാഗമായിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവും ചൈനീസ് പ്രീമിയറായിരുന്ന ചൗ എൻലായും 1954 ഏപ്രിൽ മാസം 29-ന് സംയുക്തമായി, സമാധാനപരമായ സഹവർത്തിത്വത്തിന്റെ അഞ്ച് തത്ത്വങ്ങളായ പഞ്ചശീലതത്ത്വങ്ങൾ പ്രഖ്യാപിച്ചു. രണ്ടു രാജ്യങ്ങൾക്കുമിടയിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്ന ദിശയിലുള്ള ഒരു കാൽവയ്പായിരുന്നു ഇത്.

ഇന്ത്യയിലെയും ചൈനയിലെയും നേതാക്കൾ പരസ്പരം രാജ്യങ്ങൾ സന്ദർശിക്കുകയും ആഹ്ളാദാരവങ്ങളോടെ വലിയ ജനക്കൂട്ടം അവരെ സ്വീകരിക്കുകയും ചെയ്തു.


The Hindustan Times

INDIA OFFERS SANCTUARY TO THE DALAI LAMA

Arrival In NEFA With 80 Others

AN EPIC ESCAPE

LOK SABHA APPLAUDS NEHRU'S STATEMENT

Dalai Lama Expected ... Tomorrow


## ടിബറ്റ്

ചരിത്രപരമായി, ഇന്ത്യക്കും ചൈനക്കുമിടയിൽ സംഘർഷത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് മധ്യേഷ്യൻ പീഠഭൂമിയായ ടിബറ്റുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ചരിത്രത്തിൽ കാലാകാലങ്ങളിൽ ടിബറ്റിനുമേൽ ചൈന ഭരണപരമായ നിയന്ത്രണം അവകാശപ്പെട്ടിരുന്നു. പല കാലങ്ങളിലും ടിബറ്റ് സ്വതന്ത്രമായിരുന്നുതാനും. 1950-ൽ ചൈന ടിബറ്റിനുമേലുള്ള നിയന്ത്രണം കൈവശപ്പെടുത്തി. ടിബറ്റിലെ വലിയൊരുവിഭാഗം ജനങ്ങൾ ഇതിനെ എതിർത്തു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ടിബറ്റിന്റെ അവകാശവാദങ്ങളെ അംഗീകരിപ്പിക്കുന്നതിനായി ഇന്ത്യ, ചൈനയെ പ്രേരിപ്പിക്കാൻ ശ്രമിച്ചു. ഇന്ത്യയും ചൈനയും 1954-ൽ പഞ്ചശീലതത്ത്വങ്ങൾ ഒപ്പുവച്ചപ്പോൾ, ഭൂമിശാസ്ത്രപരമായ അവണ്ഡതയും പരമാധികാരവും പരസ്പരം ബഹുമാനിക്കുക എന്നത് അതിലെ ഒരു വ്യവസ്ഥയായിരുന്നിട്ടുപോലും ടിബറ്റിന്റെ മേലുള്ള ചൈനയുടെ അവകാശവാദങ്ങളെ ഇന്ത്യ അംഗീകരിച്ചു. ചൈനീസ് പ്രീമിയർ ആയ ചൗ എൻലായ് 1956-ൽ ഇന്ത്യ സന്ദർശിച്ചവേളയിൽ, ടിബറ്റിന്റെ ആത്മീയ നേതാവായ ദലൈലാമ അദ്ദേഹത്തെ അനുഗമിക്കുകയുണ്ടായി. ടിബറ്റിലെ വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് അദ്ദേഹം നെഹ്റുവിനെ ധരിപ്പിക്കുകയുണ്ടായി. ചൈനയിലെ മറ്റേതൊരു പ്രദേശത്തിനും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്വയംഭരണാധികാരം ടിബറ്റിന് നൽകുന്നതാണെന്ന് ചൈന മുമ്പേതന്നെ ഇന്ത്യക്ക് ഉറപ്പു നൽകിയിരുന്നു. ചൈനയുടെ കൈവശപ്പെടുത്തലിനെതിരെ 1958-ൽ ടിബറ്റിൽ സായുധമുന്നേറ്റങ്ങളുണ്ടായി. ഇതിനെ ചൈനീസ് പട്ടാളം അടിച്ചമർത്തി. കാര്യങ്ങൾ കൂടുതൽ വഷളാവുന്നുവെന്ന് ബോധ്യപ്പെട്ട ദലൈലാമ 1959-ൽ ഇന്ത്യൻ അതിർത്തി കടന്ന് ഇന്ത്യയിലേക്ക് പ്രവേശിക്കുകയും ഇന്ത്യയോട് അഭയം തേടുകയും ഇന്ത്യ അത് നൽകുകയും ചെയ്തു. ചൈനീസ് ഗവൺമെന്റ് ഇതിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ വളരെയധികം ടിബറ്റുകാർ ഇന്ത്യയിലും അതുപോലെ ലോകത്തെ മറ്റു പല രാജ്യങ്ങളിലും അഭയം തേടുകയുണ്ടായി. ഇന്ത്യയിൽ, പ്രത്യേകിച്ച് ഡൽഹിയിൽ ടിബറ്റൻ അഭയാർഥികളുടെ വലിയ വാസസ്ഥലങ്ങളുണ്ട്. ഹിമാചൽപ്രദേശിലെ ധർമശാലയായിരിക്കും ഒരുപക്ഷെ ഇന്ത്യയിലെ ഏറ്റവും വലിയ ടിബറ്റൻ അഭയാർഥികേന്ദ്രം. ദലൈലാമയും ഇന്ത്യയിലെ അദ്ദേഹത്തിന്റെ ഗൃഹമാക്കിമാറ്റിയത് ധർമശാലയാണ്. സോഷ്യലിസ്റ്റ് പാർട്ടിയും ജനസംഘവുമടക്കമുള്ള ഇന്ത്യയിലെ പല പാർട്ടികളും, നേതാക്കളും ടിബറ്റിന്റെ സ്വാതന്ത്ര്യത്തെ 1950-കളിലും 1960-കളിലും പിന്തുണച്ചിരുന്നു.


ദലൈലാമ അദ്ദേഹത്തിന്റെ അനുയായികൾക്കൊപ്പം ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു.

Credit: Homai Vyarawalla

ചൈനയുടെ അവിഭാജ്യഘടകമായ ഒരു സ്വയംഭരണപ്രദേശമായി ടിബറ്റിനെ ചൈന മാറ്റിയെടുത്തു. ടിബറ്റ് തങ്ങളുടെ ഭൂപ്രദേശമാണെന്നുള്ള ചൈനയുടെ അവകാശവാദത്തെ ടിബറ്റുകാർ അംഗീകരിക്കുന്നില്ല. കൂടുതൽ ചൈനീസ് കുടിയേറ്റക്കാരെ ടിബറ്റിലേക്ക് കൊണ്ടുവരുന്ന ചൈനീസ് നയത്തെയും അവർ എതിർക്കുന്നു. ടിബറ്റിന് സ്വയംഭരണാധികാരം നൽകിയിട്ടുണ്ടെന്ന ചൈനയുടെ അവകാശവാദത്തോട് അവർ വിയോജിക്കുന്നു. പരമ്പരാഗതമായ അവരുടെ മതത്തെയും സംസ്കാരത്തെയും തകർക്കാൻ ചൈന ആഗ്രഹിക്കുന്നതായാണ് അവർ കരുതുന്നത്.





MENON GOES
Dramatic announcement
by Mr Nehru
Tremendous cheers
acclaim news

Ranadive,
other Reds
arrested




ചൈനയുമായുള്ള അതിർത്തി തർക്കം
1960-ൽ സ്ഫോടനാത്മകമായി.
നെഹ്റുവും മാവോ സെ തുങ്ങും തമ്മി
ലുള്ള ചർച്ചകൾ നിഷ്ഫലമായി.

















**വി.കെ. കൃഷ്ണമേനോൻ (1897–1974)**

നയതന്ത്രജ്ഞൻ, മന്ത്രി; 1934–നും 1947–നുമിടയിൽ ബ്രിട്ടനിലെ ലേബർ പാർട്ടിയിൽ സജീവം; യു.കെ.യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ, പിന്നീട് യു.എസിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ തലവൻ; രാജ്യാസഭാംഗം, പിന്നീട് ലോക്സഭാംഗം; 1956 മുതൽ കേന്ദ്ര കാബനറ്റിൽ അംഗം; 1957 മുതൽ ഇന്ത്യൻ പ്രതിരോധമന്ത്രി; നെഹ്റുവിനോട് വളരെ അടുപ്പം പുലർത്തിയിരുന്ന വ്യക്തി; 1962–ലെ ഇന്ത്യാ–ചൈന യുദ്ധത്തിനുശേഷം രാജിവച്ചു.

### 1962–ലെ ചൈനീസ് ആക്രമണം (The Chinese invasion, 1962)

രണ്ടു സംഭവവികാസങ്ങൾ ഇന്ത്യ-ചൈന ബന്ധത്തെ വഷളാക്കി. 1950-ൽ ചൈന, ടിബറ്റ് കീഴടക്കുകയും തന്മൂലം ചരിത്രപരമായി ഇന്ത്യക്കും ചൈനക്കുമിടയിലുണ്ടായിരുന്ന ഒരു നിഷ്പക്ഷരാജ്യം (Buffer state) നീക്കം ചെയ്യപ്പെടുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇതിനെ പരസ്യമായി തുറന്നെതിർത്തിരുന്നില്ല. ടിബറ്റൻ സംസ്കാരത്തെ അടിച്ചമർത്തുന്നതിന്റെ കൂടുതൽ വിവരങ്ങൾ വന്നുതുടങ്ങിയതോടെ ഇന്ത്യാ ഗവൺമെന്റിന്റെ അതൃപ്തി കൂടുതൽ പ്രകടമായിത്തുടങ്ങി. ടിബറ്റിന്റെ ആത്മീയ നേതാവായ ദലൈലാമ 1959-ൽ ഇന്ത്യയോട് രാഷ്ട്രീയാഭയം തേടുകയും ലഭിക്കുകയും ചെയ്തു. ഇന്ത്യക്കുള്ളിൽ ചൈന വിരുദ്ധപ്രവർത്തനങ്ങൾക്ക് ഇന്ത്യ അനുവാദം നൽകുകയാണെന്ന ആരോപണം ചൈന ഉന്നയിച്ചു.

> “തുറന്നു പറഞ്ഞാൽ... ഷൗ എൻ ലായിയെക്കുറിച്ച് എന്റെ ധാരണ വളരെ തൃപ്തികരമാണ്... ചൈനീസ് പ്രീമിയർ ഒരു നല്ല മനുഷ്യനും വിശ്വാസയോഗ്യനുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.”
>
> **സി. രാജഗോപാലാചാരി**
> **1956 ഡിസംബറിലെ ഒരു കത്തിൽനിന്ന്.**

കുറച്ചു നാളുകൾക്കുമുമ്പ് ഇന്ത്യക്കും ചൈനക്കുമിടയിൽ ഒരു അതിർത്തിത്തർക്കം ഉയർന്നുവന്നിരുന്നു. കോളനിവാഴ്ച കാലത്തുതന്നെ പരിഹരിക്കപ്പെട്ട ഒന്നാണ് അതിർത്തി എന്നതായിരുന്നു ഇന്ത്യയുടെ നിലപാട്, എന്നാൽ കൊളോണിയൽ തീരുമാനങ്ങൾ തങ്ങൾക്ക് ബാധകമല്ല എന്നതായിരുന്നു ചൈനയുടെ നിലപാട്. നീണ്ട അതിർത്തിയിലെ കിഴക്കും പടിഞ്ഞാറും അറ്റങ്ങളിലാണ് പ്രധാനമായും തർക്കമുണ്ടായിരുന്നത്. ഇന്ത്യൻ ഭൂപ്രദേശത്തിനുള്ളിൽ രണ്ടു പ്രദേശങ്ങളിൽ ചൈന അവകാശവാദം ഉന്നയിച്ചു. ജമ്മുകാശ്മീരിലെ ലഡാക്ക് മേഖലയിലെ അക്സായിചിൻ പ്രദേശവും NEFA (North Eastern Frontier Agencey) എന്ന് മുമ്പ് അറിയപ്പെട്ടിരുന്ന അരുണാചൽപ്രദേശത്തിന്റ മിക്ക പ്രദേശങ്ങളും. 1957-നും 1959-നുമിടയിൽ ചൈന അക്സായിചിൻ പ്രദേശം കൈവശപ്പെടുത്തുകയും അവിടെ ഒരു തന്ത്രപ്രധാനമായ പാത നിർമിക്കുകയും ചെയ്തു. ഉന്നത നേതാക്കൾക്കിടയിൽ ദീർഘമായ എഴുത്തുകുത്തുകളും ചർച്ചകളും നടന്നുവെങ്കിലും ഈ അഭിപ്രായവ്യത്യാസങ്ങൾ പരഹരിക്കപ്പെടുകയുണ്ടായില്ല. രണ്ടു രാജ്യത്തെയും സൈന്യങ്ങൾ തമ്മിൽ അതിർത്തിപ്രദേശങ്ങളിൽ നിരവധി ചെറിയ ഏറ്റുമുട്ടലുകൾ ഉണ്ടാവുകയുണ്ടായി.

‘സമകാലിക ലോകരാഷ്ട്രീയം’ എന്ന പാഠപുസ്തകത്തിൽ ഒന്നാമത്തെ അധ്യായത്തിലെ ക്യൂബൻ മിസൈൽ പ്രതിസന്ധി നിങ്ങൾക്ക് ഓർമയുണ്ടോ? രണ്ട് വൻശക്തികൾ ഉൾപ്പെട്ട ഈ പ്രതിസന്ധിയിൽ മുഴുവൻ ലോകത്തിന്റെയും ശ്രദ്ധ പതിഞ്ഞിരുന്ന ആ സമയത്ത്, 1962 ഒക്ടോബർ മാസത്തിൽ ഈ രണ്ട് തർക്കപ്രദേശങ്ങളിലും വ്യാപകവും ദ്രുതഗതിയിലുള്ളതുമായ ഒരു സൈനിക അധിനിവേശം ചൈന നടത്തി. ഒരാഴ്ച നീണ്ട ആദ്യത്തെ ആക്രമണത്തിൽ അരുണാചൽപ്രദേശിന്റെ ചില ഭാഗങ്ങൾ ചൈനീസ് സൈന്യം കൈവശപ്പെടുത്തി. തൊട്ടടുത്ത മാസമാണ് ആക്രമണത്തിന്റെ രണ്ടാംഘട്ടമുണ്ടാകുന്നത്. പടിഞ്ഞാറ് ഭാഗത്ത്, ലഡാക്ക് മേഖലയിൽ ചൈനീസ് സൈന്യത്തിന്റെ മുന്നേറ്റം തടഞ്ഞുനിർത്താൻ ഇന്ത്യൻ സേനക്ക് കഴിഞ്ഞുവെങ്കിലും കിഴക്കുഭാഗത്ത്, അസം സമതലത്തിന്റെ പ്രവേശന കവാടംവരെ മുന്നേറുവാൻ ചൈനീസ് സൈന്യത്തിന് കഴിഞ്ഞു. ഒടുക്കം ഏകപക്ഷീയമായി ചൈന വെടിനിർത്തൽ പ്രഖ്യാപിക്കുകയും അധിനിവേശം ആരംഭിക്കുന്നതിനുമുമ്പുള്ള സ്ഥാനത്തേക്ക് അവരുടെ സൈന്യം പിൻവാങ്ങുകയും ചെയ്തു.




ചൈനായുദ്ധം ഇന്ത്യയിലും വിദേശത്തും ഇന്ത്യയുടെ പ്രതിച്ഛായക്കു മങ്ങലേൽപ്പിച്ചു. ഈ പ്രതിസന്ധി മറികടക്കാനുള്ള സൈനികസഹായത്തിന് അമേരിക്കയേയും ബ്രിട്ടനേയും ഇന്ത്യക്ക് സമീപിക്കേണ്ടിവന്നു. ഈ സംഘർഷസമയത്ത് സോവിയറ്റ് യൂണിയൻ നിഷ്പക്ഷത പുലർത്തി. ഇത് ദേശീയതലത്തിൽ അപമാനബോധവും അതേസമയം ദേശീയത എന്ന വികാരത്തെ ശക്തിപ്പെടുത്തുകയും ചെയ്തു. കരസേനയിലെ ഉയർന്ന ചില ഉദ്യോഗസ്ഥർ ഒന്നുകിൽ രാജിവയ്ക്കുകയോ അല്ലെങ്കിൽ വിരമിക്കുകയോ ചെയ്തു. അന്നത്തെ പ്രതിരോധമന്ത്രിയും നെഹ്റുവിന്റെ സന്തതസഹചാരിയുമായിരുന്ന ശ്രീ വി. കെ. കൃഷ്ണമേനോന് മന്ത്രിസഭയിൽനിന്ന് പുറത്തുപോകേണ്ടിവന്നു. ചൈനയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമായി വിലയിരുത്തുന്നതിൽ പരാജയപ്പെട്ടതിനും ഇന്ത്യയുടെ സൈനികസന്നാഹത്തിന്റെ തയാറെടുപ്പില്ലായ്മക്കും നെഹ്റുവും നിശി

**ഓടിച്ചൊരു വായന...**
**ഇന്ത്യ-ചൈന ബന്ധങ്ങൾ**
**1962 മുതൽ**

സാധാരണബന്ധം പുനസ്ഥാപിക്കുന്നതിന് ഇന്ത്യയും ചൈനയും ഒരു ദശാബ്ദത്തിൽ കൂടുതലെടുത്തു. 1976-ലാണ് രണ്ടു രാഷ്ട്രങ്ങൾക്കുമിടയിലെ നയതന്ത്രബന്ധം പൂർണമായി പുനസ്ഥാപിക്കപ്പെടുന്നത്. 1979-ൽ അന്നത്തെ വിദേശകാര്യമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയിയാണ് ചൈന സന്ദർശിക്കുന്ന ആദ്യത്തെ മുതിർന്ന നേതാവ്. പിന്നീട്, ജവഹർലാൽ നെഹ്റുവിനുശേഷം ചൈന സന്ദർശിക്കുന്ന ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയായിരുന്നു. അതിനുശേഷമാണ് രണ്ടു രാജ്യങ്ങൾക്കുമിടയിലെ വ്യാപാര ബന്ധങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാൻ ആരംഭിച്ചത് സമകാലിക ലോകരാഷ്ട്രീയം എന്ന പുസ്തകത്തിൽ ഈ സംഭവവികാസങ്ങളെക്കുറിച്ച് നിങ്ങൾ നേരത്തെതന്നെ വായിച്ചിട്ടുണ്ട്.

തവിമർശനത്തിന് വിധേയമാവുകയും അദ്ദേഹത്തിന്റെ ഔന്നത്യത്തെത്തന്നെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്തു. ആദ്യമായി, അദ്ദേഹത്തിന്റെ ഗവൺമെന്റിനെതിരായി ഒരു അവിശ്വാസപ്രമേയം ലോകസഭയിൽ അവതരിപ്പിക്കപ്പെടുകയും ചർച്ചചെയ്യുകയും ചെയ്തു. അതിനുശേഷം, ലോകസഭയിലേക്ക് നടന്ന ചില ഉപതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പരാജയം നേരിട്ടു. രാജ്യത്തിന്റെ രാഷ്ട്രീയ മനോഭാവത്തിൽ മാറ്റം വന്നുതുടങ്ങി.

ഇന്ത്യ-ചൈന സംഘർഷം പ്രതിപക്ഷത്തെയും ബാധിച്ചു. ഇതും, ചൈനക്കും സോവിയറ്റ് യൂണിയനുമിടയിൽ വളർന്നുകൊണ്ടിരുന്ന അകൽച്ചയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ പരിഹരിക്കാനാവാത്ത തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സൃഷ്ടിച്ചു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലെ (സി.പി.ഐ.) സോവിയറ്റ് അനുകൂലവിഭാഗം കോൺഗ്രസുമായി കൂടുതൽ അടുത്ത ബന്ധങ്ങളിലേക്കു നീങ്ങി. മറു വിഭാഗം, കുറച്ചുകാലം ചൈനയോട് അടുപ്പം പുലർത്തുകയും, കോൺഗ്രസുമായുള്ള ഏതുതരത്തിലുള്ള അടുപ്പത്തെയും എതിർക്കുകയും ചെയ്തു. പാർട്ടി 1964-ൽ പിളരുകയും, രണ്ടാമത്തെ വിഭാഗത്തിന്റെ നേതാക്കൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സി.പി.ഐ. (എം) എന്ന പാർട്ടി രൂപീകരിക്കുകയും ചെയ്തു. ചൈനീസ് ആക്രമണത്തിന്റെ പാശ്ചാത്തലത്തിൽ, സി.പി.ഐ. (എം) ആയി മാറിയ വിഭാഗത്തിന്റെ പല നേതാക്കളും, ചൈന അനുകൂലനിലപാട് സ്വീകരിച്ചതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടു.

വടക്കുകിഴക്കൻ മേഖലയിലെ കലുഷിതമായ സാഹചര്യങ്ങളെപ്പറ്റി, ചൈനയുമായുള്ള യുദ്ധം, ഇന്ത്യൻ നേതാക്കളെ ജാഗരൂകരാക്കി. ഒറ്റപ്പെട്ടുകിടക്കുന്നതും തീർത്തും അവികസിതവുമായ, ഈ മേഖല ഇന്ത്യയുടെ ദേശീയോദ്ഗ്രഥനത്തിനും രാഷ്ട്രീയ ഐക്യത്തിനും ഒരു വലിയ വെല്ലുവിളിയാണ്. ഈ മേഖലയെ പുനസംഘടിപ്പിക്കുന്നതിനുള്ള പ്രക്രിയ ചൈനീസ് യുദ്ധാനന്തരം എത്രയും പെട്ടെന്ന് ആരംഭിക്കുകയുണ്ടായി. നാഗാലാന്റിന് സംസ്ഥാനപദവി അനുവദിക്കപ്പെട്ടു. കേന്ദ്രഭരണപ്രദേശങ്ങളായിരുന്നെങ്കിലും മണിപ്പൂരിനും ത്രിപുരക്കും അവരവരുടേതായ നിയമനിർമാണസഭകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അധികാരം നൽകി.

**നമുക്കൊരു സിനിമ കാണാം**

**ഹക്കീകത്ത്**



ലഡാക്ക് മേഖലയിലെ ജിപ്സികൾ ഇന്ത്യൻ സൈന്യത്തിലെ ഒരു ചെറിയ പ്ലട്ടൂണിനെ (Platoon) രക്ഷപ്പെടുത്തി. ശത്രു അവരുടെ താവളം വളഞ്ഞിരുന്നു. ക്യാപ്റ്റൻ ബഹാദൂർ സിംഗും, അദ്ദേഹത്തിന്റെ പെൺസുഹൃത്തായ കാമോയും, പട്ടാളക്കാരെ താവളം ഒഴിയാൻ സഹായിച്ചു. കൂടുതൽ ആയുധശേഷിയുണ്ടായിരുന്ന ചൈനാക്കാരെ പ്രതിരോധിക്കുന്നതിനിടയിൽ ബഹാദൂർ സിംഗും, കാമോയും മറ്റ് പട്ടാളക്കാരും രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചു.

1962-ലെ ഇന്ത്യ-ചൈന യുദ്ധത്തിന്റെ പാശ്ചാത്തലത്തിൽ ചിത്രീകരിക്കപ്പെട്ട ഈ സിനിമ, പട്ടാളക്കാരനെയും അവന്റെ ക്ലേശങ്ങളെയും വരച്ചുകാട്ടുന്നു. പട്ടാളക്കാരുടെ അവസ്ഥ ചിത്രീകരിക്കുന്നതിലൂടെ അവർക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കുകയും, ഒപ്പം ചൈനയുടെ രാഷ്ട്രീയവഞ്ചനയിലുള്ള നിരാശ തുറന്നുകാണിക്കുകയും ചെയ്യുന്നു. യുദ്ധരംഗങ്ങൾ ഡോക്യുമെന്ററി രൂപത്തിലാണ് ഈ ചിത്രത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഹിന്ദിയിൽ നിർമിക്കപ്പെട്ട ആദ്യകാല യുദ്ധസിനിമകളിൽ ഒന്നാണിത്.

വർഷം: 1964
സംവിധാനം: ചേതൻ ആനന്ദ്
അഭിനേതാക്കൾ: ധർമേന്ദ്ര, പ്രയരാജ് വൻഷ്, ബൽരാജ് സാഹ്നി, ജയന്ത്, സുധീർ, സഞ്ജയ് ഖാൻ, വിജയ് ആനന്ദ്

## പാകിസ്ഥാനുമായുള്ള യുദ്ധങ്ങളും സമാധാനവും
## (Wars and Peace with Pakistan)

പാകിസ്ഥാന്റെ കാര്യത്തിൽ, വിഭജനത്തിനുശേഷം കാശ്മീരിനെച്ചൊല്ലിയുള്ള തർക്കത്തിലൂടെയാണ് സംഘർഷമാരംഭിക്കുന്നത്. ഈ തർക്കത്തെക്കുറിച്ച് അധ്യായം എട്ടിൽ നിങ്ങൾ കൂടുതൽ വായിക്കും. 1947-ൽതന്നെ ഇന്ത്യൻ സൈന്യവും പാകിസ്ഥാൻ സൈന്യവും തമ്മിലുള്ള ഒരു നിഴൽയുദ്ധം കാശ്മീരിൽ പൊട്ടിപ്പുറപ്പെട്ടു. പക്ഷെ ഇത് ഒരു പൂർണമായ യുദ്ധമായി മാറിയില്ല. വിഷയം ഐക്യരാഷ്ട്രസഭയുടെ പരിഗണനക്കായി വിട്ടു. ഇന്ത്യ-അമേരിക്ക ബന്ധത്തിലും തുടർന്ന് ഇന്ത്യ-ചൈന ബന്ധത്തിലും ഏറ്റവും നിർണായകഘടകമായി പെട്ടന്നുതന്നെ പാകിസ്ഥാൻ മാറി.

ഇന്ത്യ-പാകിസ്ഥാൻ ഗവൺമെന്റുകളുടെ സഹകരണത്തിന് കാശ്മീർ സംഘർഷം ഒരു തടസമായിരുന്നില്ല. വിഭജനകാലത്ത് തട്ടിക്കൊണ്ടുപോകപ്പെട്ട സ്ത്രീകളെ അവരുടെ സ്വന്തം കുടുംബങ്ങളിലേക്ക് തിരിച്ചെത്തിക്കുന്നതിന് രണ്ട് ഗവൺമെന്റുകളും ഒരുമിച്ച് പ്രവർത്തിച്ചു. ലോകബാങ്കിന്റെ മധ്യസ്ഥതയിൽ, ദീർഘനാളായി നിലനിന്നിരുന്ന നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ചു. ഇന്ത്യ, പാകിസ്ഥാൻ സിന്ധു നദീജല കരാർ (Indus Water Treaty) 1960-ൽ നെഹ്റുവും ജനറൽ അയൂബ്ഖാനും ഒപ്പുവച്ചു. ഇന്ത്യ-പാക് ബന്ധത്തിൽ പല ഉയർച്ചതാഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ കരാർ നന്നായി പ്രവർത്തിക്കുന്നു.

രണ്ടു രാഷ്ട്രങ്ങൾക്കുമിടയിൽ കൂടുതൽ ഗുരുതരമായ ഒരു സൈനികസംഘർഷം ആരംഭിക്കുന്നത് 1965-ലാണ്. നിങ്ങൾ അടുത്ത അധ്യായത്തിൽ വായിക്കാൻ പോകുന്നതുപോലെ, അപ്പോഴേക്കും ലാൽ ബഹദൂർശാസ്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രി പദം ഏറ്റെടുത്തിരുന്നു. ഗുജറാത്തിലെ റാൻ ഓഫ് കച്ച് മേഖലയിൽ 1966 ഏപ്രിൽ മാസത്തിൽ പാകിസ്ഥാൻ സൈനിക ആക്രമണം ആരംഭിച്ചു. ഇതിനെതുടർന്ന് ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ജമ്മുകാശ്മീർ മേഖലയിൽ പാകിസ്ഥാൻ വ്യാപക ആക്രമണം അഴിച്ചുവിട്ടു. അവിടുത്തെ പ്രാദേശിക ജനതയുടെ പിന്തുണ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ആക്രമണം ആരംഭിച്ചതെങ്കിലും അതുണ്ടായില്ല. കാശ്മീർ യുദ്ധമുന്നണിയിലെ സമ്മർദം ലഘൂകരിക്കുന്നതിനായി, പഞ്ചാബ് അതിർത്തിയിൽ പ്രത്യാക്രമണം നടത്തുവാൻ ശാസ്ത്രി സൈന്യത്തിന് ഉത്തരവ് നൽകി. രൂക്ഷമായ ഈ യുദ്ധത്തിൽ ഇന്ത്യൻ സൈന്യം ലാഹോറിന് സമീപംവരെ എത്തുകയുണ്ടായി.

ഐക്യരാഷ്ട്രസഭയുടെ ഇടപെടലോടുകൂടി യുദ്ധത്തിന് വിരാമമായി. പിന്നീട്, സോവിയറ്റ് യൂണിയന്റെ മധ്യസ്ഥതയിൽ ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയും പാകിസ്ഥാൻ ജനറൽ അയൂബ്ഖാനും താഷ്ക്കന്റ് കരാറിൽ 1966 ജനുവരിയിൽ ഒപ്പുവച്ചു. പാകിസ്ഥാന് കനത്ത സൈനികനാശം വരുത്താൻ ഇന്ത്യക്ക് കഴിഞ്ഞെങ്കിലും, നേരത്തെതന്നെ ദുർബലമായിരുന്ന ഇന്ത്യൻ സാമ്പത്തികരംഗത്തെ 1965-ലെ യുദ്ധം കൂടുതൽ വഷളാക്കി.




### 1971-ലെ ബംഗ്ലാദേശ് യുദ്ധം (Bangladesh war, 1971)

1970-ന്റെ തുടക്കത്തിൽ, പാകിസ്ഥാൻ അതിന്റെ ഒരു വലിയ ആഭ്യന്തരപ്രതിസന്ധിയെ അഭിമുഖീകരിച്ചു. രാജ്യത്തെ ആദ്യ പൊതുതിരഞ്ഞെടുപ്പ് ഒരു വിഭജിത വിധിയാണ് നൽകിയത്. സുൽഫിക്കർ അലി ഭൂട്ടോയുടെ നേതൃത്വത്തിലുള്ള പാർട്ടി പടിഞ്ഞാറൻ പാകിസ്ഥാനിൽ വിജയിച്ചപ്പോൾ, ഷെയ്ഖ് മജിബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവാമി ലീഗ് കിഴക്കൻ പാകിസ്ഥാനിൽ സീറ്റുകൾ തൂത്തുവാരി. പടിഞ്ഞാറൻ പാകിസ്ഥാനിൽനിന്നുള്ള ഭരണാധികാരികൾ കാലങ്ങളായി തങ്ങളെ രണ്ടാംതരം പൗരന്മാരായി കണക്കാക്കുന്നതിലുള്ള അമർഷം രേഖപ്പെടുത്തുന്ന രീതിയിലാണ് കിഴക്കൻ പാകിസ്ഥാനിലെ ബംഗാളി ജനത വോട്ടുചെയ്തത്. പക്ഷെ ജനാധിപത്യപരമായ ഈ വിധിയെ സ്വീകരിക്കാൻ പാകിസ്ഥാൻ ഭരണാധികാരികൾ തയാറായില്ല. മാത്രവുമല്ല ഒരു ഫെഡറേഷൻ രൂപീകരിക്കുക എന്ന അവാമി ലീഗിന്റെ ആവശ്യം അംഗീകരിക്കാനും അവർ തയാറല്ലായിരുന്നു.

പകരം, 1971-ന്റെ തുടക്കത്തിൽ പാകിസ്ഥാൻ സൈന്യം ഷെയ്ഖ് മുജിബുർ റഹ്മാനെ അറസ്റ്റു ചെയ്യുകയും, കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങൾക്കുമേൽ ഒരു


The Times of India
BOMBAY: TUESDAY, SEPTEMBER 7, 1965
OUR TROOPS ON OUTSKIRTS OF LAHORE
IAF Planes Blast Military Installations
PAK FORCES ON THE RUN IN CHHAMB AREA
Jaurian In Flames: Success In Uri Sector Too
"The Times of India" News Service
BLACK-OUT IS ORDERED IN GREATER BOMBAY
Indo-Pak Flights Cancelled
SOLD EVERYWHERE
The Hindustan Times
ALKOT-PASRUR RAILWAY TAKEN
IAF pounds Sargodha, Chak Jhumra airports
1965
INDIA
The Hindustan Times
TROOPS MARCH INTO PAKISTAN
DRYCLEANED

ഭീകരഭരണം അഴിച്ചുവിടുകയും ചെയ്തു. ഇതിന് പ്രതികരണമെന്നോണം, ബംഗ്ലാദേശിനെ പാകിസ്ഥാനിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു പോരാട്ടം ജനങ്ങൾ ആരംഭിച്ചു. 1971-ലുടനീളം കിഴക്കൻ പാകിസ്ഥാനിൽനിന്നും അഭയാർഥികളായി ഇന്ത്യയിലേക്കൊഴുകിയ 80 ലക്ഷത്തോളം അഭയാർഥികൾ കിഴക്കൻ പാകിസ്ഥാനോട് ചേർന്നുകിടക്കുന്ന ഇന്ത്യൻ പ്രദേശങ്ങളിൽ അഭയം പ്രാപിക്കുകയും, ആ ഭാരം ഇന്ത്യ വഹിക്കേണ്ടതായും വന്നു. ബംഗ്ലാദേശിലെ സ്വാതന്ത്ര്യസമരത്തിന് ഇന്ത്യ ധാർമികവും ഭൗതികവുമായ എല്ലാ പിന്തുണയും നൽകി. പാകിസ്ഥാനെ വിഭജിക്കാൻ ഇന്ത്യ ഗൂഢാലോചന നടത്തുന്നുവെന്ന് പാകിസ്ഥാൻ ഇന്ത്യയെ കുറ്റപ്പെടുത്തി.

സോവിയറ്റ് ചേരിയിൽ ചേരുന്നതായി ഇത് തോന്നിപ്പിക്കുന്നു. സോവിയറ്റ് യൂണിയനുമായി ഈ കരാർ ഒപ്പുവച്ചതിനുശേഷവും നമുക്ക് പറയാനാവുമോ, നമ്മൾ ചേരിചേരായ്മയിലാണെന്ന്.





Refugee influx threatens peace, India warns Pak

Shells fall in Indian area: 3 dead


PRESIDENT DECLARES EMERGENCY


Pakistanis bomb border airfields in sneak raids

ചൈനയിൽനിന്നും അമേരിക്കയിൽനിന്നും പാകിസ്ഥാന് പിന്തുണയെത്തി. 1960-കളിൽ ആരംഭിച്ച യു.എസ്.-ചൈന അനുരഞ്ജനം ഏഷ്യൻ ശക്തികൾക്കിടയിൽ ഒരു പുനർവിന്യാസത്തിന് ഇടയാക്കി. യു.എസ്. പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സന്റെ ഉപദേഷ്ടാവായിരുന്ന ഹെന്റി കിസിംജർ പാകിസ്ഥാനിലൂടെ ചൈനയിലേക്ക് 1971 ജൂലൈ മാസത്തിൽ ഒരു രഹസ്യയാത്ര നടത്തി. യു.എസ്., ചൈന, പാകിസ്ഥാൻ അച്ചുതണ്ടിനെ പ്രതിരോധിക്കുന്നതിനായി ഇന്ത്യ സോവിയറ്റ് യൂണിയനുമായി 20 വർഷത്തേക്കുള്ള സമാധാന സൗഹൃദ ഉടമ്പടി 1971 ആഗസ്റ്റിൽ ഒപ്പുവച്ചു. ഏതെങ്കിലും ആക്രമണത്തെ ഇന്ത്യ നേരിടുകയാണെങ്കിൽ സോവിയറ്റ് പിന്തുണ ഉറപ്പുവരുത്തുന്നതായിരുന്നു ഈ ഉടമ്പടി. മാസങ്ങൾ നീണ്ട നയതന്ത്ര പിരിമുറുക്കങ്ങൾക്കും സൈനിക തയാറെടുപ്പുകൾക്കും ശേഷം 1971 ഡിസംബറിൽ ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ ഒരു സമ്പൂർണയുദ്ധം പൊട്ടിപ്പുറപ്പെട്ടു. പാകിസ്ഥാൻ യുദ്ധവിമാനങ്ങൾ പഞ്ചാബും രാജസ്ഥാനും ആക്രമിക്കുകയും ഒപ്പം കരസേന ജമ്മുകാശ്മീരിൽ യുദ്ധമുന്നണിയിലേക്കു നീങ്ങുകയും ചെയ്തു. നാവിക, കര, വ്യോമസേനകളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ത്യ കിഴക്കും പടിഞ്ഞാറുമുള്ള പോർമുഖങ്ങളിൽ ശക്തമായി തിരിച്ചടിച്ചു. കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങൾ ഇന്ത്യൻ സൈന്യത്തെ സ്വാഗതം ചെയ്യുകയും, അവരുടെ പിന്തുണയോടുകൂടി കരസേന അതിവേഗം മുന്നേറുകയം ചെയ്തു. പത്തു ദിവസത്തിനുള്ളിൽ മൂന്ന് ഭാഗത്തുനിന്നും ഇന്ത്യൻ സേന ധാക്ക വളയുകയും ഏതാണ്ട് 90000 ത്തോളം വരുന്ന പാകിസ്ഥാനി സൈന്യം ഇന്ത്യൻ സേനക്ക് മുമ്പിൽ കീഴടങ്ങുകയും ചെയ്തു. ബംഗ്ലാദേശ് ഒരു സ്വതന്ത്രരാഷ്ട്രമായതോടെ ഇന്ത്യ ഏകപക്ഷീയമായി വെടിനിർത്തൽ പ്രഖ്യാപിച്ചു. പിന്നീട് 1972 ജൂലൈ മൂന്നിന് ഇന്ദിരാഗാന്ധിയും സുൽഫിക്കർ അലി ഭൂട്ടോയും സിംലകരാറിൽ ഒപ്പു വയ്ക്കുകയും ഔപചാരികമായി സമാധാനം പുനസ്ഥാപിക്കപ്പെടുകയും ചെയ്തു.

യുദ്ധത്തിലെ നിർണായകമായ വിജയം ഇന്ത്യയിൽ ദേശീയ ആഘോഷത്തിന് വഴിവെച്ചു. കൂടുതൽപേരും ഇതിനെ ഒരു മഹനീയ നിമിഷമായും ഇന്ത്യയുടെ വളരുന്ന സൈനികശേഷിയുടെ വ്യക്തമായ സൂചനയുമായാണ് കണ്ടത്. നിങ്ങൾ അടുത്ത അധ്യായത്തിൽ പഠിക്കാൻ പോകുന്നതുപോലെ, ഇന്ദിരാഗാന്ധിയായിരുന്നു അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി. ഇതിനോടകം തന്നെ അവർ 1971-ലെ ലോക

### ഓടിച്ചൊരു വായന... കാർഗിൽ ഏറ്റുമുട്ടൽ (Kargil confrontation)

1999-ന്റെ തുടക്കത്തിൽ നിയന്ത്രണരേഖയുടെ ഇന്ത്യൻ ഭാഗത്തുള്ള മാഷ്കോ, ദ്രാസ്, കാക്സർ, ബട്ടാലിക് എന്നീ പ്രദേശങ്ങളിലുള്ള നിരവധി കേന്ദ്രങ്ങൾ മുജാഹിദീനുകൾ എന്നവകാശപ്പെടുന്ന ചില ശക്തികൾ കൈവശപ്പെടുത്തുകയുണ്ടായി. ഈ കയ്യേറ്റത്തിൽ പാകിസ്ഥാൻ സൈന്യത്തിന്റെ പങ്കാളിത്തം സംശയിച്ച ഇന്ത്യൻ സേന ഇതിനെതിരെ പ്രതികരിക്കാൻ ആരംഭിച്ചു. ഇത് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ഒരു ഏറ്റുമുട്ടലിലേക്ക് നയിച്ചു. ഇത് കാർഗിൽ സംഘർഷം എന്നറിയപ്പെടുന്നു. ഈ സംഘർഷം 1999 മേയ്, ജൂൺ മാസങ്ങളിൽ തുടർന്നു. 1999 ജൂലൈ 26-ഓടെ നഷ്ടപ്പെട്ട നിരവധി കേന്ദ്രങ്ങളുടെ നിയന്ത്രണം ഇന്ത്യ തിരിച്ചുപിടിച്ചു. കാർഗിൽ സംഘർഷം പെട്ടന്നുതന്നെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിച്ചു. കാരണം, അതിന് ഒരു വർഷം മുമ്പു മാത്രമാണ് ഇന്ത്യയും പാകിസ്ഥാനും ആണവശേഷി ആർജിച്ചത്. എന്നിരുന്നാലും, ഈ സംഘർഷം കാർഗിൽ മേഖലയിൽ മാത്രമായി ഒതുങ്ങിനിന്നു. പാകിസ്ഥാനിൽ, ഈ സംഘർഷം വലിയ വിവാദങ്ങൾക്ക് കാരണമായി. പാകിസ്ഥാൻ കരസേന മേധാവി പ്രധാനമന്ത്രിയെ കാര്യങ്ങൾ അറിയിക്കുകയോ വസ്തുതകൾ ധരിപ്പിക്കുയോ ചെയ്തില്ലെന്ന ആരോപണമുയർന്നു. ഈ സംഘർഷത്തിനുശേഷം, അധികം വൈകാതെ പാകിസ്ഥാന്റെ കരസേനാ മേധാവിയായിരുന്ന ജനറൽ പർവെസ് മുഷറഫിന്റെ നേതൃത്വത്തിൽ സൈന്യം അധികാരം പിടിച്ചെടുത്തു.


THE TIMES OF INDIA
YAHYA YIELDS TO INDIRA, ENDS WAR
Somersault by General as
hails Delhi
keeps out
1971
APPENDIX 2
Remain alert, war
The surrender document
16
THE HINDUSTAN TIMES
MUJIB TAKES OVER 'BANGLA DESH'
PAK PLANES BOMB BANGLA DESH
Freedom fighters
BOOTAN

സഭാ തിരഞ്ഞെടുപ്പിൽ വിജയം നേടിയിരുന്നു. 1971-ലെ യുദ്ധത്തിനുശേഷം അവരുടെ വ്യക്തിപരമായ പ്രശസ്തി കുതിച്ചുയർന്നു. യുദ്ധത്തിനുശേഷമാണ് മിക്ക സംസ്ഥാനങ്ങളിലും നിയസഭാ തെരഞ്ഞെടുപ്പ് നടന്നത്. പല സംസ്ഥാനങ്ങളിലും കോൺഗ്രസ് പാർട്ടിക്ക് വൻഭൂരിപക്ഷം ലഭിക്കുകയുണ്ടായി.

പരിമിതമായ വിഭവങ്ങളോടെയാണെങ്കിലും ഇന്ത്യ വികസനോന്മുഖ ആസൂത്രണത്തിന് തുടക്കം കുറിച്ചിരുന്നു. എന്നാൽ അയൽരാജ്യങ്ങളുമായുള്ള സംഘർഷങ്ങൾ പഞ്ചവത്സരപദ്ധതികളുടെ താളംതെറ്റിച്ചു. ഇന്ത്യക്ക് അതിന്റെ പരിമിതമായ വിഭവങ്ങൾ പ്രതിരോധമേഖലയിലേക്ക് വകമാറ്റി ചെലഴിക്കേണ്ടിവന്നു. പ്രത്യേകിച്ച് 1962-നുശേഷം, എന്തുകൊണ്ടെന്നാൽ, ഇന്ത്യക്ക് അതിന്റെ സൈനിക ആധുനികവൽക്കരണപ്രക്രിയ ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റ് ഓഫ് ഡിഫൻസ് പ്രൊഡക്ഷൻ 1962 നവംബറിലും ഡിപ്പാർട്ടുമെന്റ് ഓഫ് ഡിഫൻസ് സപ്ളൈസ് 1965 നവംബറിലും സ്ഥാപിക്കപ്പെട്ടു.തടസപ്പെട്ടുപോയ മൂന്നാം പഞ്ചവത്സരപദ്ധതി (1961-66) ക്കുശേഷം മൂന്ന് വാർഷിക പദ്ധതികൾ ആവിഷ്കരിച്ചു. നാലാം പഞ്ചവത്സരപദ്ധതി 1969-ൽ മാത്രമാണ് ആരംഭിക്കാനായത്. യുദ്ധങ്ങൾക്കുശേഷം ഇന്ത്യയുടെ പ്രതിരോധചെലവ് ക്രമാതീതമായി വർധിച്ചു.

## ഇന്ത്യയുടെ ആണവനയം (India's nuclear policy)

ഈ കാലഘട്ടത്തിലെ മറ്റൊരു നിർണായകമായ സംഭവവികാസം 1974 മെയ് മാസത്തിൽ ഇന്ത്യ ആദ്യത്തെ ആണവവിസ്ഫോടനം നടത്തി എന്നതാണ്. ഒരു ആധുനിക ഇന്ത്യയെ അതിവേഗം പടുത്തുയർത്തുയർത്തുന്നതിൽ നെഹ്റു എല്ലായ്പ്പോഴും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും വിശ്വാസമർപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ വ്യവസായവൽക്കരണ പദ്ധതികളുടെ ഒരു പ്രധാനപ്പെട്ട ഘടകംതന്നെയായിരുന്നു 1940-കളുടെ ഒടുക്കം ഹോമി ജെ. ഭാഭയുടെ മാർഗനിർദേശത്തിൽ ആരംഭിച്ച ആണവപദ്ധതി. സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവോർജം ഉൽപ്പാദിപ്പിക്കുവാൻ ഇന്ത്യ ആഗ്രഹിച്ചു. ആണവായുധങ്ങൾക്കെതിരായിരുന്നു നെഹ്റു. അതുകൊണ്ടു സമഗ്ര ആണവനിരായുധീകരണത്തിനായി അദ്ദേഹം വൻശക്തികളോട് അഭ്യർഥിച്ചിരുന്നു. എന്നിരുന്നാലും ആണവായുധശേഖരം വർധിച്ചുകൊണ്ടേയിരുന്നു. 1964 ഒക്ടോബറിൽ കമ്മ്യൂണിസ്റ്റ് ചൈന ആണവപരീക്ഷണം നടത്തിയതോടുകൂടി, ലോകത്തെ അഞ്ച് ആണവശക്തികളും, ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളുമായ യു.എസ്., യു.കെ., യു.എസ്.എസ്.ആർ., ഫ്രാൻസ്, ചൈന (തായ്‌വാൻ) എന്നീ രാജ്യങ്ങൾ, 1968-ലെ ആണവനിർവ്യാപനകരാർ (NPT) മറ്റ് രാജ്യങ്ങളുടെമേൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചു. ആണവനിർവ്യാപന കരാർ (NPT) വിവേചനപരമാണെന്ന നിലപാടാണ് ഇന്ത്യ എല്ലാകാലത്തും സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ അതിൽ ഒപ്പുവയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചു. ഇന്ത്യ അതിന്റെ ആദ്യ ആണവപരീക്ഷണം നടത്തിയപ്പോൾ, സമാധാനപരമായ വിസ്ഫോടനം എന്നാണ് അത് വിശേഷിപ്പിക്കപ്പെട്ടത്. സമാധാനപരമായ ആവശ്യങ്ങൾക്കായി ആണവോർജം ഉപയോഗിക്കുക എന്ന നയത്തോടാണ് ഇന്ത്യക്ക് പ്രതിബദ്ധതയുള്ളതെന്നായിരുന്നു ഇന്ത്യയുടെ നിലപാട്.

ഞാൻ ആശയക്കുഴപ്പത്തിലാണ്. ഇതെല്ലാം അണുബോംബിനെക്കുറിച്ചല്ലേ? എന്തുകൊണ്ടാണ് നമ്മൾ അങ്ങനെ പറയാത്തത്?



ആഭ്യന്തരരാഷ്ട്രീയം കലുഷിതമായിരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ത്യ ആണവപരീക്ഷണം നടത്തുന്നത്. 1973-ലെ അറബ്-ഇസ്രായേൽ യുദ്ധത്തെത്തുടർന്ന്, അറബ് രാഷ്ട്രങ്ങൾ എണ്ണയുടെ വില കുത്തനെ വർധിപ്പിച്ചതിന്റെ ഫലമായി മുഴുവൻ ലോകത്തെയും ഒരു 'ഓയിൽ ഷോക്ക്' ബാധിച്ചിരുന്നു. ഇത് ഇന്ത്യയിൽ സാമ്പത്തിക കുഴപ്പങ്ങൾക്കും അതുവഴി ഉയർന്ന പണപ്പെരുപ്പത്തിലേക്കും നയിച്ചു. നിങ്ങൾ ആറാമത്തെ അധ്യായത്തിൽ വായിക്കുവാൻ പോകുന്നതുപോലെ, ഏതാണ്ടിതേ സമയത്തുതന്നെയാണ് ദേശവ്യാപകമായ ഒരു റെയിൽവെ സമരം ഉൾപ്പെടെ പല പ്രക്ഷോഭങ്ങളും രാജ്യത്തുടനീളം നടന്നുകൊണ്ടിരുന്നത്.

വിദേശബന്ധങ്ങൾ എങ്ങനെയാണ് നടത്തിക്കൊണ്ടുപോകേണ്ടത് എന്ന വിഷയത്തിൽ രാഷ്ട്രീയപാർട്ടികൾക്കിടയിൽ ചെറിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, ദേശീയ അഖണ്ഡത, അന്താരാഷ്ട്ര അതിർത്തികളുടെ സംരക്ഷണം, ദേശീയ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വിശാലമായ ധാരണയിൽ അധിഷ്ഠിതമായിരുന്നു ഇന്ത്യൻ രാഷ്ട്രീയം. അതുകൊണ്ടു ഇന്ത്യ മൂന്ന് യുദ്ധങ്ങളെ നേരിട്ട 1962-1971 ദശാബ്ദത്തിനും, അതിനുശേഷവും കാലാകാലങ്ങളിൽ വ്യത്യസ്തമായ പാർട്ടികൾ അധികാരത്തിലെത്തിയപ്പോൾപ്പോലും വിദേശനയത്തിന് കക്ഷിരാഷ്ട്രീയത്തിൽ വളരെ പരിമിതമായ ഒരു പങ്ക് മാത്രമെ ഉണ്ടായിരുന്നുള്ളുവെന്ന് നമുക്ക് കാണാം.

## ഓടിച്ചൊരു വായന... ഇന്ത്യയുടെ ആണവപദ്ധതി

ആണവനിർവ്യാപനത്തെ ലക്ഷ്യംവയ്ക്കുന്ന അന്താരാഷ്ട്ര ഉടമ്പടികളെ ഇന്ത്യ എതിർത്തിരുന്നു. കാരണം അവ ആണവേതരശക്തികൾക്ക് മാത്രം ബാധകമാവുന്നതും അഞ്ച് ആണവശക്തികളുടെ ആണവായുധ കുത്തകയെ നിയമസാധുതയുള്ളതാക്കുന്നതുമാണ്. അതുകൊണ്ടാണ് 1995-ൽ എൻ.പി.ടി. അനിശ്ചിതമായി ദീർഘിപ്പിക്കുന്നതിനെ ഇന്ത്യ എതിർത്തതും, സമഗ്ര ആണവപരീക്ഷണ നിരോധന ഉടമ്പടി (Comprehensive Test Ban Treaty) ഒപ്പുവയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചതും.

1998 മെയ് മാസത്തിൽ ഇന്ത്യ ആണവപരീക്ഷണങ്ങളുടെ ഒരു പരമ്പരതന്നെ നടത്തുകയും ആണവോർജത്തെ സൈനികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അതിന്റെശേഷി പ്രകടമാക്കുകയും ചെയ്തു. ഇന്ത്യയെ പിന്തുടർന്ന് പാകിസ്ഥാനും ആണവപരീക്ഷണം നടത്തുകയും, അതുവഴി ആണവായുധ പ്രയോഗത്തിന് സാധ്യതകൂടിയ ഒരു മേഖലയായി ഇത് മാറുകയും ചെയ്തു. അന്താരാഷ്ട്രസമൂഹം, ഈ ഉപഭൂഖണ്ഡത്തിൽ നടന്ന ആണവപരീക്ഷണങ്ങളെ നിശിതമായി വിമർശിക്കുകയും രണ്ട് രാജ്യങ്ങൾക്കുമെതിരെ ഉപരോധങ്ങൾ ഏർപ്പെടുത്തുകയും ചെയ്തെങ്കിലും പിന്നീടവ പിൻവലിക്കപ്പെട്ടു. ഇന്ത്യയുടെ ആണവസിദ്ധാന്തമായ ക്രഡിബിൾ മിനിമം ന്യൂക്ലിയർ ഡിറ്ററൻസ് (Credible Minimum Nuclear Deterrence) അവകാശപ്പെടുന്നത് ആണവായുധം ആദ്യം പ്രയോഗിക്കില്ല എന്നാണ്. ഒപ്പം ആണവായുധവിമുക്ത ലോകത്തേക്ക് നയിക്കുന്ന വിവേചനരഹിതവും പരിശോധിക്കപ്പെടാവുന്നതുമായ ഒരു ആഗോള ആണവ നിരായുധീകരണത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും ആവർത്തിച്ചു പറയുന്നു.

### ലോകരാഷ്ട്രീയത്തിലെ മാറുന്ന സഖ്യങ്ങൾ (Shifting alliances in world politics)

ആറാം അധ്യായത്തിലും ഒമ്പതാം അധ്യായത്തിലും നിങ്ങൾ വായിക്കുവാൻ പോകുന്നതുപോലെ, 1977-ന് ശേഷമുള്ള കാലഘട്ടത്തിൽ നിരവധി കോൺഗ്രസിതര സർക്കാരുകൾ ഇന്ത്യയിൽ അധികാരത്തിൽവന്നു. ലോകരാഷ്ട്രീയത്തിൽ നാടകീയമാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന ഒരു സമയംകൂടിയായിരുന്നു ഇത്. ഇത് ഇന്ത്യയുടെ വൈദേശികബന്ധങ്ങളെ എങ്ങനെയൊക്കെയാണ് സ്വാധീനിച്ചത്?

ശരിയായ ചേരിചേരാനയമായിരിക്കും തങ്ങൾ പിന്തുടരുകയെന്ന് 1977-ൽ അധികാരത്തിൽവന്ന ജനതാ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യൻ വിദേശനയത്തിലെ സോവിയറ്റ് അനുകൂല ചായ്‌വ് തങ്ങൾ തിരുത്തുമെന്നാണ് ഇതർഥമാക്കുന്നത്. അന്നുമുതൽ എല്ലാ സർക്കാരുകളും, കോൺഗ്രസായാലും, കോൺഗ്രസിതരമായാലും ചൈനയുമായി മെച്ചപ്പെട്ട ബന്ധം പുനസ്ഥാപിക്കുന്നതിലും അമേരിക്കയുമായി അടുത്തബന്ധത്തിലേർപ്പെടുന്നതിനുമുള്ള ശ്രമങ്ങൾക്ക് മുൻകൈയെടുത്തിട്ടുണ്ട്. ഇന്ത്യൻ രാഷ്ട്രീയത്തിലും ജനങ്ങളുടെ മനസ്സിലും ഇന്ത്യയുടെ വിദേശനയം രണ്ട് ചോദ്യങ്ങളുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ഒന്ന്, ഇന്ത്യയുടെ പാകിസ്ഥാനോടുള്ള നിലപാട്, അതുപോലെ തിരിച്ച് പാകിസ്ഥാന്റെ ഇന്ത്യയോടുള്ള നിലപാട്. അടുത്തത് ഇന്ത്യ-അമേരിക്ക ബന്ധങ്ങൾ. അമേരിക്കൻ അനുകൂല വിദേശനയത്തിന്റെ പേരിൽ 1990-നുശേഷമുള്ള ഭരണകക്ഷികൾ മിക്കപ്പോഴും വിമർശിക്കപ്പെട്ടിട്ടുണ്ട്.

ദേശീയ താൽപ്പര്യത്തെക്കുറിച്ചുള്ള ആശയങ്ങളാണ് എല്ലായ്പ്പോഴും വിദേശനയത്തെ നിർണയിക്കുന്നത്. ഇന്ത്യയുടെ പ്രധാനപ്പെട്ട സുഹൃദ്‌രാഷ്ട്രമായി തുടരുമ്പോൾതന്നെ 1990-നുശേഷം റഷ്യക്ക് അതിന്റെ ആഗോള ഔന്നത്യം നഷ്ടമായി. ആയതിനാൽ ഇന്ത്യയുടെ വിദേശനയം അമേരിക്കൻ അനുകൂലതലത്തിലേക്ക് മാറുകയുണ്ടായി. കൂടാതെ, സൈനിക താൽപ്പര്യങ്ങളേക്കാൾ, സാമ്പത്തികതാൽപ്പര്യങ്ങളാണ് സമകാലിക അന്തർദേശീയ സാഹചര്യങ്ങളെ കൂടുതൽ സ്വാധീനിക്കുന്നത്. ഇന്ത്യൻ വിദേശനയത്തിന്റെ ദിശാനിർണയത്തിൽ ഇതും സ്വാധീനിച്ചിട്ടുണ്ട്. അതേസമയം ഈ കാലഘട്ടത്തിൽ ഇന്ത്യാ-പാകിസ്ഥാൻ ബന്ധം, നിരവധി സംഭവവികാസങ്ങൾക്ക് സാക്ഷ്യംവഹിച്ചു. കാശ്മീർ മുഖ്യപ്രശ്നമായി ഇരുരാജ്യങ്ങൾക്കുമിടയിൽ തുടരുമ്പോൾ തന്നെ സാധാരണ ബന്ധം പുനസ്ഥാപിക്കുന്നതിനുള്ള നിരവധി ശ്രമങ്ങളുമുണ്ടായി. പരസ്പരമുള്ള സാംസ്കാരിക വിനിമയങ്ങളും പൗരന്മാരുടെ സഞ്ചാരവും, സാമ്പത്തികസഹകരണവും രണ്ടു രാജ്യങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് എന്നതാണ് ഇതുകൊണ്ടർഥമാക്കുന്നത്. ഈ രണ്ടു രാജ്യങ്ങൾക്കുമിടയിൽ ഒരു ട്രെയിൻ സർവീസും ഒരു ബസ് സർവീസും പ്രവർത്തിക്കുന്നതായി നിങ്ങൾക്കറിയാമോ? അടുത്തകാലത്തുണ്ടായ ഒരു സുപ്രധാന നേട്ടമാണിത്. പക്ഷെ അതിനൊന്നും 1999-ലുണ്ടായ ഒരു യുദ്ധസമാനമായ സാഹചര്യത്തെ ഒഴിവാക്കുവാൻ കഴിഞ്ഞില്ല. സമാധാനപ്രക്രിയയ്ക്കേറ്റ ഈ തിരിച്ചടിക്കുശേഷം ശാശ്വതസമാധാനം സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

## അഭ്യാസം

1. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് നേരെ തെറ്റോ, ശരിയോ എന്നെഴുതുക.

   (a) യു.എസ്.എയിൽ നിന്നും യു.എസ്.എസ്.ആറിൽ നിന്നും സഹായം സ്വീകരിക്കുവാൻ ചേരിചേരായ്മ ഇന്ത്യയെ അനുവദിച്ചിരുന്നു.

   (b) അയൽക്കാരുമായുള്ള ഇന്ത്യയുടെ ബന്ധം തുടക്കം മുതലേ വഷളായിരുന്നു.

   (c) ശീതയുദ്ധം, ഇന്ത്യാ-പാകിസ്ഥാൻ ബന്ധത്തെ ബാധിച്ചു.

   (d) 1971-ലെ സമാധാന സൗഹൃദ ഉടമ്പടി ഇന്ത്യക്ക് അമേരിക്കയോടുള്ള അടുപ്പത്തിന്റെ ഫലമായുണ്ടായതാണ്.

2. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (a) | 1950 മുതൽ 64 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ വിദേശനയത്തിന്റെ ലക്ഷ്യം | i. | അതിർത്തികടന്ന് ഇന്ത്യയിലേക്ക് വന്ന ടിബറ്റൻ ആത്മീയ നേതാവ് |
| (b) | പഞ്ചശീലതത്ത്വങ്ങൾ | ii. | ഭൂമിശാസ്ത്രപരമായ അഖണ്ഡത, പരമാധികാരം എന്നിവയുടെ സംരക്ഷണം |
| (c) | ബണ്ടുങ്ങ് സമ്മേളനം | iii. | സമാധാനപരമായ സഹവർത്തിത്വത്തിന്റെ അഞ്ച് തത്ത്വങ്ങൾ |
| (d) | ദലൈലാമ | iv. | ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലേക്ക് നയിച്ചു |

3. സ്വാതന്ത്ര്യത്തിന്റെ അനിവാര്യമായ ഒരു സൂചകമാണ് വിദേശനയത്തിന്റെ നടത്തിപ്പെന്നു നെഹ്റു കരുതുന്നതെന്തുകൊണ്ട്? നിങ്ങളുടെ ഉത്തരത്തിന് പിൻബലമായി രണ്ട് കാരണങ്ങൾ ഉദാഹരണസഹിതം സമർഥിക്കുക.

4. ആന്തരിക സമ്മർദങ്ങളുടെയും അന്തർദേശീയ സാഹചര്യങ്ങളുടെയും പരസ്പരമുള്ള ഇടപെടലുകളുടെ ഫലമാണ് വിദേശകാര്യങ്ങളുടെ നടത്തിപ്പ്. 1960-കളിലെ ഇന്ത്യയുടെ വിദേശ ബന്ധങ്ങളിൽനിന്നും ഒരു ഉദാഹരണമെടുത്ത് നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.

5. നിങ്ങളാണ് തീരുമാനിക്കുന്നതെങ്കിൽ, ഇന്ത്യയുടെ വിദേശനയത്തിൽ നിങ്ങൾ നിലനിർത്താനാഗ്രഹിക്കുന്ന രണ്ട് കാഴ്ചപ്പാടുകളും നിങ്ങൾ മാറ്റാനാഗ്രഹിക്കുന്ന രണ്ടെണ്ണവും കണ്ടെത്തുക. നിങ്ങളുടെ നിലപാടിനെ പിന്തുണയ്ക്കുന്ന കാരണങ്ങൾ നൽകുക.

6. താഴെ കൊടുത്തിരിക്കുന്നവയെക്കുറിച്ച് ലഘുകുറിപ്പുകളെഴുതുക.

   (a) ഇന്ത്യയുടെ ആണവനയം

   (b) വിദേശനയവിഷയത്തിലുള്ള സമവായം

7. സമാധാനം, സഹകരണം എന്നീ തത്ത്വങ്ങളിലാണ് ഇന്ത്യൻ വിദേശനയം നിർമിച്ചിട്ടുള്ളത്. പക്ഷെ 1962-നും 71-നുമിടയ്ക്കുള്ള പത്തുവർഷത്തിനുള്ളിൽ ഇന്ത്യ മൂന്ന് യുദ്ധങ്ങൾ നടത്തി. ഇത് വിദേശനയത്തിന്റെ പരാജയമെന്ന് നിങ്ങൾ പറയുമോ? അതോ അന്തർദേശീയ സാഹചര്യത്തിന്റെ ഫലമാണ് ഇതെന്നാണോ പറയുക? നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്ന കാരണങ്ങൾ നൽകുക.

അഭ്യാസം

8. ഒരു പ്രധാനപ്പെട്ട പ്രാദേശിക ശക്തിയാവണമെന്ന ഇന്ത്യയുടെ ആഗ്രഹത്തെ ഇന്ത്യൻ വിദേശനയം പ്രതിഫലിപ്പിക്കുന്നുണ്ടോ? 1971-ലെ ബംഗ്ലാദേശ് യുദ്ധത്തെ ഒരു ഉദാഹരണമാക്കി നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

9. എങ്ങനെയാണ് ഒരു രാജ്യത്തിന്റെ രാഷ്ട്രീയ നേതൃത്വം അവരുടെ വിദേശനയത്തെ ബാധിക്കുന്നത്? ഇന്ത്യയുടെ വിദേശനയത്തിൽ നിന്നുള്ള ഉദാഹരണങ്ങൾസഹിതം ഇത് വിശദീകരിക്കുക.

10. ഈ ഖണ്ഡിക വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

*"വിശാലമായ അർഥത്തിൽ ചേരിചേരായ്മ അർഥമാക്കുന്നത് സൈനിക ചേരികളിൽനിന്നും നിങ്ങൾ സ്വയം അകന്നുനിൽക്കലല്ല. അതർഥമാക്കുന്നത്, സാധ്യമാകുന്നിടത്തോളം, സൈനിക വീക്ഷണത്തിലൂടെയല്ലാതെ; ചിലപ്പോഴൊക്കെ അങ്ങനെയാവാമെങ്കിലും, സ്വതന്ത്രമായും എല്ലാ രാജ്യങ്ങളുമായും സൗഹൃദബന്ധം നിലനിർത്താൻ ശ്രമിക്കുന്നതിലൂടെയും കാര്യങ്ങളെ കാണുക എന്നതാണ്."* **-ജവഹർലാൽ നെഹ്റു**

(a) എന്തുകൊണ്ടാണ് നെഹ്റു സൈനിക ചേരികളിൽനിന്നും അകന്നുനിൽക്കാൻ ആവശ്യപ്പെടുന്നത്?

(b) ഇന്ത്യ-സോവിയറ്റ് സൗഹൃദ ഉടമ്പടി ചേരിചേരായ്മ എന്ന ആശയത്തിന്റെ ലംഘനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിന് കാരണങ്ങൾ നൽകുക.

(c) സൈനികചേരികൾ ഉണ്ടായിരുന്നില്ലെങ്കിൽ ചേരിചേരായ്മ അനാവശ്യമാവുകമായിരുന്നേനെ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?